# ദഹിപ്പിക്കുന്ന അഗ്നിയോടൊപ്പം പാർക്കുന്നതിന് വേണ്ട 4 യോഗ്യതകൾ

സാക് പുന്നൻ

WFTW 21 ആഗസ്റ്റ് 2016

യെശയ്യാവ് 33:14,15 ൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. 'സീയോനിലെ പാപികൾ പേടിക്കുന്നു;, വഷളരെ ( കാപട്യമുള്ളവരെ കിംഗ് :ജെ:വെ) വിറയൽ ബാധിച്ചിരിക്കുന്നു. നമ്മിൽ ആർക്ക് ദഹിപ്പിക്കുന്ന അഗ്നിയോടൊപ്പം പാർക്കാം, ? നമ്മിൽ ആർക്ക് നിത്യ ജ്വാലയോടൊപ്പം വസിക്കാം ? നീതിയോടെ നടക്കുകയും നേർ പറയുകയും ചെയ്യുന്നവൻ , പീഢനത്താലുള്ള ലാഭം വെറുക്കുന്നവൻ , കൈക്കൂലിവാങ്ങാതെ കൈകുടഞ്ഞുകളയുന്നവൻ, രക്തപാതകത്തെ പറ്റി കേൾക്കാതെ ചെവി പൊത്തുന്നവൻ, ദോഷത്തെ നോക്കാതെ തൻറെ കണ്ണ് അടച്ചുകളയുന്നവൻ'.

ദഹപ്പിക്കുന്ന അഗ്നിയോടൊപ്പം വസിക്കുന്നതിനുള്ള ഒന്നാമത്തെ യോഗ്യതയായി ഇവിടെ പറയുന്നത്. 'നീതിയോടെ നടക്കുകയും പരമാർത്ഥതയോടെ സംസാരിക്കുകയും ചെയ്യുന്നവൻ (യെശ: 33:15)' എന്നാണ്. അത് പരാമർശിക്കുന്നത് തങ്ങൾക്ക് ലഭിച്ച വെളിച്ചത്തിനനുസരിച്ച് തങ്ങളുടെ സ്വകാര്യ ജീവിതങ്ങളിൽ പരമാർത്ഥതയിൽ നടക്കുന്നവരെയാണ് . അവർ പൂർണ്ണരായിരിക്കുകയില്ല. , എന്നാൽ അവർ പരമാർത്ഥികളാണ്. അവർ കാപട്യക്കാരല്ല സഭയിൽ മറ്റെന്തിനെക്കാളും അധികം ഭയപ്പെടേണ്ട ഒരു കാര്യമുണ്ടെങ്കിൽ അത് നമ്മുടെ ആത്മീയതയെക്കുറിച്ച് സത്യമല്ലാത്ത ഒരു മതിപ്പ് മറ്റുള്ളവർക്ക് നൽകുന്നതാണ്. നിങ്ങൾ ഒട്ടും തന്നെ പ്രാർത്ഥിക്കാതിരിക്കെ നിങ്ങൾ വളരെ അധികം പ്രാർത്ഥിക്കുന്ന ഒരാളാണെന്ന മതിപ്പ് മറ്റുള്ളവർക്ക് നൽകാറുണ്ടോ? അധികം ഉപവസിക്കാതിരിക്കെ നിങ്ങൾ വളരെ അധികം ഉപവസിക്കുന്നു എന്ന മതിപ്പ് നിങ്ങൾ അവർക്ക് നൽകുന്നുണ്ടോ?. നിങ്ങൾ ഒരു പൂർണ്ണ ഹൃദയനല്ലാതിരിക്കെ നിങ്ങൾ അങ്ങനെയാണെന്ന് മറ്റുള്ളവർ കണക്കാക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?.അങ്ങനെയാണെങ്കിൽ നിങ്ങൾ വീണുപോകുവാനുള്ള സാധ്യതയുണ്ട്. നിങ്ങൾ അപൂർണ്ണനായതുകൊണ്ടല്ല , എന്നാൽ നിങ്ങൾ പരമാർത്ഥതയില്ലാത്തവനായതുകൊണ്ടാണ്. നമ്മുടെ അന്തരംഗത്തിലെ സത്യമാണ് ദൈവം ഇച്ഛിക്കുന്നത്. സീയോനിലുള്ള കാപട്യക്കാർ വിറയ്ക്കുന്നു, കാരണം അവർ തുറന്ന് കാട്ടപ്പെടുമോ എന്നവർ ഭയപ്പെടുന്നു.

ദഹിപ്പിക്കുന്ന അഗ്നിയോടൊപ്പം പാർക്കുന്നതിനുള്ള രണ്ടാമത്തെ യോഗ്യത 'പീഢനത്താലുള്ള ലാഭം വെറുക്കുന്നതാണ്'(യെ.ശ 33:15) മറ്റുള്ള വാക്കുകളിൽ പറഞ്ഞാൽ പണമിടപാടുകളിൽ വിശ്വസ്ഥരായിരിക്കുക എന്നാണ് .ദൈവത്തിനുപകരമുള്ള യജമാനൻ സാത്താനാണെന്ന് നമ്മൾ ചിന്തിച്ചിട്ടുണ്ടാകാം. ദൈവത്തിനു പകരമുള്ള യജമാനൻ മാമോൻ ( പണവും മറ്റ് ഭൗതീക സമ്പത്തും) ആണെന്ന് ലൂക്കോ16:13 യേശു തന്നെ പറഞ്ഞു. ദൈവത്തേയും സാത്തനേയും ഒരേ സമയം സ്നേഹിക്കുവാൻ കഴിയുമെന്ന് ഒരു വിശ്വാസിയും ചിന്തിക്കുകയില്ല. എന്നാൽ ദൈവത്തേയും പണത്തേയും ഒരേ സമയം സ്നേഹിക്കുവാൻ കഴിയും എന്ന ചിന്തിക്കുന്ന വിശ്വാസികളുടെ ഒരു വലിയ കൂട്ടം തന്നെയുണ്ട്. ഒരു വിശ്വാസിയും ഒരിക്കലും സാത്താനെ കവിണ്ണ് വീണ് നമസ്ക്കരിക്കുകയില്ല എന്നാൽ മാമോനെ ആരാധിച്ചിട്ട് അവർക്ക് ദൈവത്തെയും കൂടി ആരാധിക്കുവാൻ കഴിയും എന്ന് ചിന്തിക്കുന്ന ലക്ഷകണക്കിന് വിശ്വാസികൾ ഇന്നുണ്ട്. എന്നാൽ പണത്തിൻറെ കാര്യത്തിൽ അവർ വിശ്വസ്തരല്ലെങ്കിൽ അവർക്ക് ദൈവത്തെ ആരാധിക്കുവാൻ കഴിയുകയില്ല മാമോൻ ഒരു വ്യക്തിയെ ജീവനുള്ള സത്യ ദൈവത്തിൽ നിന്ന് അകറ്റികളയും എന്നവർ മനസിലാക്കുന്നില്ല.

ദഹിപ്പിക്കുന്ന അഗ്നിയോടൊപ്പം ജീവിക്കുന്നതിന് വേണ്ട മൂന്നാമത്തെ യോഗ്യത രക്തപാതകത്തെ പറ്റി കേൾക്കാതെ ചെവിപൊത്തികളയുക എന്നതാണ്. (യെശ 33:15 ) ഇത്

ഏഷണി പറയുന്നത് ഒഴിവാക്കുന്നതിനേക്കാൾ കൂടുതലായ ഒരു കാര്യമാണ്. ഇത് പരാമർശിക്കുന്നത് മറ്റൊരാൾ ഏഷണി പറയുന്നത് കേൾക്കാൻ പോലും ആഗ്രഹമില്ലാതിരിക്കുന്നതിനെയാണ്. ദൈവഭയമുള്ള ഒരാൾ സഹോദരന്മാരെ കുറ്റം ചുമത്തുന്ന പ്രധാന അപവാദിയുടെ നേരെ മാത്രമല്ല ( വെളി 12:10) അവൻറെ ഏജൻറുമാർക്കും കൂടെ തൻറെ കാതുകളെ അടച്ചുകളയും!!.

ദഹിപ്പിക്കുന്ന അഗ്നിയോടുകൂടെ പാർക്കുന്നതിനുള്ള നാലാമത്തെ യോഗ്യത ഇവിടെ പറഞ്ഞിരിക്കുന്നത് , ദോഷത്തെകാണാതെ നമ്മുടെ കണ്ണുകളെ അടച്ചുകളയുക എന്നതാണ്.ഈ രണ്ട് ശാരീരിക ഇന്ദ്രിയങ്ങൾ കേൾക്കുന്നതും, കാണുന്നതും ആണ് നന്മയും തിന്മയും നമ്മുടെ മനസ്സിലേക്ക് പ്രവേശിക്കുന്നതിനുള്ള രണ്ട് കൈവഴികൾ നാം എന്തിനെയാണ് അകത്ത് പ്രവേശിക്കുവാൻ അനുവദിക്കുന്നതെന്ന് നാം തീരുമാനിക്കണം. ദഹിപ്പിക്കുന്ന അഗ്നിയോടുകൂടെ പാർക്കുന്നവർ തൻറെ ആത്മാവിനെ മലിനമാക്കുന്ന ഒന്നിനേയും നോക്കുകയില്ല.